**കേരള സർക്കാർ**

**സംഗ്രഹം**

തദ്ദേശ സ്വയംഭരണ വകുപ്പ് - പഞ്ചായത്ത് ജീവനക്കാര്യം - വയനാട് ജില്ലയിലെ മുള്ളൻകൊല്ലി ഗ്രാമപഞ്ചായത്തിലെ മുൻ എൽ.ഡി. ക്ലാർക്കായിരുന്ന ശ്രീ. വി. ജയകുമാറിനെ സേവനത്തിൽ നിന്നും റിമൂവ് ചെയ്ത് - ഉത്തരവ് പുറപ്പെടുവിക്കുന്നു.

================================================================

**തദ്ദേശ സ്വയംഭരണ (ഇപിബി) വകുപ്പ്**

സ.ഉ.(സാധാ) നം.1780/2020/തസ്വഭവ                    തീയതി, തിരുവനന്തപുരം, 29.09.2020

================================================================

പരാമർശം:
1. സി.സി.19/06 നമ്പർ കേസിൽ ബഹു. എൻക്വയറി കമ്മീഷണർ & സ്പെഷ്യൽ ജഡ്ജ്, കോഴിക്കോട് പുറപ്പെടുവിച്ച 29.08.2011-ലെ വിധിന്യായം
2. പഞ്ചായത്ത് ഡയറക്ടറുടെ 29.10.2013-ലെ ഡി1-28100/2011 നമ്പർ കത്ത്
3. സർക്കാരിന്റെ 02.12.2013-ലെ 70396/ഇപിബി3/2013/തസ്വഭവ നമ്പർ കത്ത്
4. പഞ്ചായത്ത് ഡയറക്ടറുടെ 06.12.2013-ലെ ഡി1-28100/04 നമ്പർ നടപടിക്രമങ്ങൾ
5. സർക്കാരിന്റെ 13.03.2014-ലെ 70396/ഇപിബി3/2013/തസ്വഭവ നമ്പർ കാരണം കാണിക്കൽ നോട്ടീസ്
6. സർക്കാരിന്റെ 13.02.2017-ലെ 70396/ഇപിബി3/2013/തസ്വഭവ നമ്പർ കാരണം കാണിക്കൽ നോട്ടീസ്
7. കേരള പബ്ലിക് സർവ്വീസ് കമ്മീഷൻ സെക്രട്ടറിയുടെ 19.08.2020-ലെ A1-2/32/2020-KPSC നമ്പർ കത്ത്

**ഉത്തരവ്**

വയനാട് ജില്ലയിലെ മുള്ളൻകൊല്ലി ഗ്രാമപഞ്ചായത്ത് മുൻ സെക്രട്ടറി ശ്രീ. കെ.എം. രവീന്ദ്രൻ, എൽ.ഡി. ക്ലാർക്ക് ശ്രീ. വി. ജയകുമാർ എന്നിവർ പണം തിരിമറി നടത്തിയതുമായി ബന്ധപ്പെട്ട് ടിയാളുകൾക്കെതിരെയുള്ള വിജിലൻസ് കേസിൽ ബഹു. കോഴിക്കോട് എൻക്വയറി കമ്മീഷണർ & സ്പെഷ്യൽ ജഡ്ജ് കോടതി ടിയാളുകൾക്കെതിരെ 10,000/- രൂപ പിഴയും 2 വർഷം കഠിനതടവിനുമായി വിധിന്യായം പുറപ്പെടുവിച്ചിരുന്നു.

മേൽ സാഹചര്യത്തിൽ മുൻ എൽ.ഡി. ക്ലാർക്ക് ശ്രീ. വി. ജയകുമാറിനെ സേവനത്തിൽ നിന്നും പിരിച്ചു വിടുന്നതിനുള്ള നടപടി സ്വീകരിക്കുന്നതിനും സേവനത്തിൽ നിന്നും വിരമിച്ച ശ്രീ. കെ.എം. രവീന്ദ്രനെതിരെ കെ.എസ്.ആർ. ഭാഗം 3 പ്രകാരമുള്ള നടപടി സ്വീകരിക്കുന്നതിനും പഞ്ചായത്ത് ഡയറക്ടർ പരാമർശം (2) പ്രകാരം ശുപാർശ ചെയ്തിരുന്നു. ആയതിന്റെ അടിസ്ഥാനത്തിൽ ശ്രീ. കെ.എം. രവീന്ദ്രനെതിരെ കെ.എസ്.ആർ. ഭാഗം 3 പ്രകാരം ടിയാന്റെ പ്രതിമാസ പെൻഷനിൽ നിന്നും 500/- രൂപ വീതം സ്ഥിരമായി കുറവ് ചെയ്യുന്നതിന് തീരുമാനമെടുത്ത് കാരണം കാണിക്കൽ നോട്ടീസ് നൽകുകയും കൂടാതെ ടിയാന്റെ പക്കൽ നിന്നും സർക്കാരിന് നഷ്ടം വന്ന തുക കെ.എസ്.ആർ. ഭാഗം 3 ചട്ടം 116 ന്റെ കീഴിലുള്ള ചട്ടം 6 പ്രകാരം തിരിച്ചുപിടിച്ച് സർക്കാരിൽ റിപ്പോർട്ട് ചെയ്യാൻ പഞ്ചായത്ത് ഡയറക്ടറോട് ആവശ്യപ്പെടുകയും ചെയ്തിട്ടുണ്ട്. കൂടാതെ ശ്രീ. വി. ജയകുമാറിനെ സേവനത്തിൽ നിന്നും നീക്കം

ചെയ്യുന്നതിന്റെ ഭാഗമായി ഉടൻപ്രാബല്യത്തിൽ സസ്പെന്റ് ചെയ്യുന്നതിനായി പരാമർശം (3) പ്രകാരം പഞ്ചായത്ത് ഡയറക്ടർക്ക് നിർദ്ദേശം നൽകുകയും ആയതിന്റെ അടിസ്ഥാനത്തിൽ പരാമർശം (4) പ്രകാരം ശ്രീ. വി. ജയകുമാറിനെ സസ്പെന്റ് ചെയ്ത് റിപ്പോർട്ട് ലഭ്യമാക്കുകയും ചെയ്തിരുന്നു.

തുടർന്ന് കെ.സി.എസ്.(സിസി&എ) ചട്ടം 1960 ചട്ടം 18 പ്രകാരം ശ്രീ. വി. ജയകുമാറി... സേവനത്തിൽ നിന്നും ടെർമിനേറ്റ് ചെയ്യുന്നത് സംബന്ധിച്ച താൽക്കാലിക തീരുമാനമെടുത്ത് പരാമർശം (5) പ്രകാരം കാരണം കാണിക്കൽ നോട്ടീസ് നൽകുകയും ആയതിന് ശ്രീ വി. ജയകുമാർ മറുപടി ലഭ്യമാക്കുകയും പ്രസ്തുത മറുപടിയിൽ ടിയാനെ നേരിൽ കേൾക്കണമെന്ന് അഭ്യർത്ഥിച്ചതിന്റെ അടിസ്ഥാനത്തിൽ ടിയാനെ നേരിൽ കേൾക്കുകയുമുണ്ടായി.

ഇക്കാര്യം പരിശോധിച്ചതിൽ നിന്നും ക്രിമിനൽ കേസിൽ ശിക്ഷിക്കപ്പെടുന്ന ഒരു സർക്കാർ ജീവനക്കാരനെ കെ.സി.എസ്.(സിസി&എ) ചട്ടങ്ങൾ 1960-ലെ ചട്ടം 15, 16, 17 എന്നിവയിലെ നടപടിക്രമങ്ങൾ പാലിക്കാതെ തന്നെ സേവനത്തിൽ നിന്നും ഡിസ്മിസ് അല്ലെങ്കിൽ റിമൂവ് ചെയ്യപ്പെടേണ്ടതാണെന്ന് കെ.സി.എസ്.(സി.സി.&എ) ചട്ടങ്ങൾ 1960 ചട്ടം 18-ൽ വ്യവസ്ഥ ചെയ്തിട്ടുണ്ട്. കെ.സി.എസ്.(സിസി&എ) പ്രകാരം termination from service എന്ന ഒരു ശി... നൽകാനാകില്ല. ആയതിനാൽ പരാമർശം (5) പ്രകാരം നൽകിയ കാരണം കാണിക്കൽ നോട്ടീസ് നിലനിൽക്കത്തക്കതല്ല എന്നു കണ്ട് മേൽ കാരണം കാണിക്കൽ നോട്ടീസ് റദ്ദ് ചെയ്ത് കെ.സി.എസ്.(സിസി&എ) ചട്ടങ്ങൾ 1960-ലെ ചട്ടം 18 പ്രകാരം ടിയാൾക്ക് നൽകുവാൻ തീരുമാനിച്ചിട്ടുള്ള ശിക്ഷ വ്യക്തമാക്കിക്കൊണ്ട് പരാമർശം (6) പ്രകാരം പുതുക്കിയ കാരണം കാണിക്കൽ നോട്ടീസ് നൽകുകയും ചെയ്തിരുന്നു. ആയതിന് ടിയാൻ മറുപടിയും ലഭ്യമാക്കിയിട്ടുണ്ട്. പ്രസ്തുത മറുപടി തൃപ്തികരമല്ലെന്നുകണ്ട് കെ.സി.എസ്. (സിസി&എ) ചട്ടങ്ങൾ 1960 ചട്ടം 18 പ്രകാരം ശ്രീ. വി. ജയകുമാറിനെ സേവനത്തിൽ നിന്നും റിമൂവ് ചെയ്യുന്നതിനുള്ള താൽക്കാലിക തീരുമാനം സ്ഥിരപ്പെടുത്തുന്നതിലേയ്ക്കായി കേരള പബ്ലിക് സർവ്വീസ് കമ്മീഷന്റെ അഭിപ്രായം ആരായുകയും ചെയ്തു. കേരള പബ്ലിക് സർവ്വീസ് കമ്മീഷൻ ബന്ധപ്പെട്ട രേഖകളു... അടിസ്ഥാനത്തിൽ പരിശോധിച്ച് സർക്കാരിന്റെ താൽക്കാലിക തീരുമാനത്തോട് യോജിക്കുക... അപ്രകാരം ഉപദേശിക്കുകയും ചെയ്യുന്നതായി പരാമർശം (7) പ്രകാരം അറിയിച്ചിട്ടുണ്ട്.

സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. മുള്ളൻകൊല്ലി ഗ്രാമപഞ്ചായത്ത് മുൻ എൽ.ഡി. ക്ലാർക്ക് ശ്രീ. വി. ജയകുമാർ, ഗ്രാമപഞ്ചായത്തിലെ പണമിടപാടുകളിൽ വിവിധ ക്രമക്കേടുകളും പണം തിരിമറിയും നടത്തിയതുമായി ബന്ധപ്പെട്ട് ടിയാനെതിരെയുള്ള സി.സി.19/2006 നമ്പർ വിജിലൻസ് കേസിൽ ബഹു. കോഴിക്കോട് എൻക്വയറി കമ്മീഷണർ & സ്പെഷ്യൽ ജഡ്ജ് 10,000/- രൂപ പിഴയും 2 വർഷം കഠിനതടവിനുമായി വിധിച്ചുകൊണ്ടുള്ള പരാമർശം (1) വിധിന്യായത്തിന്റെ അടിസ്ഥാനത്തിൽ കെ.സി.എസ്. (സിസി&എ) ചട്ടങ്ങൾ 1960 ചട്ടം 18 പ്രകാരം ശ്രീ. വി. ജയകുമാറിനെ സേവനത്തിൽ നിന്നും റിമൂവ് ചെയ്യുന്നതി... കൈക്കൊണ്ട താൽക്കാലിക തീരുമാനം സ്ഥിരപ്പെടുത്തി ഉത്തരവ് പുറപ്പെടുവിക്കുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)

**രമണി മാത്യു**

അഡീഷണൽ സെക്രട്ടറി

1. ശ്രീ. വി. ജയകുമാർ, മുൻ എൽ.ഡി. ക്ലാർക്ക്, മുള്ളൻകൊല്ലി ഗ്രാമപഞ്ചായത്ത്
(പഞ്ചായത്ത് ഡയറക്ടർ, തിരുവനന്തപുരം മുഖേന)
2. പഞ്ചായത്ത് ഡയറക്ടർ, തിരുവനന്തപുരം

3. സെക്രട്ടറി, കേരള പബ്ലിക് സർവ്വീസ് കമ്മീഷൻ, തിരുവനന്തപുരം

(ആമുഖ കത്ത് സഹിതം)

4. അഡ്വക്കേറ്റ് ജനറൽ, എറണാകുളം
5. അക്കൗണ്ടന്റ് ജനറൽ (എ&ഇ)/(ആഡിറ്റ്), കേരള, തിരുവനന്തപുരം/തൃശ്ശൂർ
6. പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, വയനാട്
7. ഡയറക്ടർ, ഐ.കെ.എം., തിരുവനന്തപുരം
8. വിവര, പൊതുജന സമ്പർക്ക (വെബ് & ന്യൂ മീഡിയ) വകുപ്പ്
9. കരുതൽ ഫയൽ/ഓഫീസ് കോപ്പി (ഫയൽ നം.70396/ഇപിബി3/2013/തസ്വഭവ)

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ